പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2467

18.07.2011-ൽ മറുപടിയ്ക്ക്

## സർക്കാർ സ്ഥാപനങ്ങളിലെ ശുചീകരണ പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

ചോദ്യം

ശ്രീ. ഇ.പി. ജയരാജൻ :

ഉത്തരം

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി)

എ. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന സംസ്ഥാനങ്ങൾക്ക് ഓരോ വർഷവും കേന്ദ്രവിഹിതമായി കിട്ടിയ തുകയെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

എ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന മറ്റു സംസ്ഥാനങ്ങൾക്ക് അനുവദിക്കപ്പെടുന്ന ഫണ്ടു വിവരം കേരള സംസ്ഥാനത്തെ അറിയിക്കാറില്ല. എന്നിരുന്നാലും സംസ്ഥാനങ്ങൾക്ക് കേന്ദ്രവിഹിതംഅനുവദിച്ച്കൊണ്ട് മഹാത്മാ ഗാന്ധി എൻ.ആർ.ഇ.ജി.എ. വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. കേരള സംസ്ഥാനത്തിന് 2006-07 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ലഭിച്ച കേന്ദ്ര വിഹിതം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 2006-07 | - | 31,81,51,000/- രൂപ |
| 2007-08 | - | 58,10,55,000/- രൂപ |
| 2008-09 | - | 198,87,32,000/-രൂപ |
| 2009-10 | - | 467,71,42,000/-രൂപ |
| 2010-11 | - | 704,23,24,000/- രൂപ |
| 2011-12 | - | 198,34,95,000/-രൂപ |

(30-06-2011 വരെ)

ബി. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാൻ കഴിയുന്ന പ്രവൃത്തികളെ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദീകരിക്കുമോ ;

ബി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005-ലെ പട്ടിക-1 ഖണ്ഡിക (1) പ്രകാരം താഴെപ്പറയുന്ന പ്രവൃത്തികൾ ഈ പദ്ധതിയിൻകീഴിൽ മുൻഗണനാക്രമത്തിൽ ഏറ്റെടുക്കാവുന്നതാണ്.

(i). ജലസംരക്ഷണവും ജലകൊയ്ത്തും.

(ii). വരൾച്ച തടയൽ(വനവൽക്കരണം, വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ ഉൾപ്പെടെ):

(iii). സൂക്ഷ്മ, ചെറുകിട ജലസേചന പദ്ധതികൾ ഉൾപ്പെടെയുള്ള ജലസേചന കനാലുകൾ.

(iv). പട്ടികജാതി-പട്ടികവർഗ്ഗക്കാർ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ, ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ, ഇന്ദിരാ ആവാസ് യോജന പദ്ധതിയിൻ കീഴിലെ ഗുണഭോക്താക്കൾ, 2008-ലെ കാർഷിക കടാശ്വാസ പദ്ധതിയിലെനിർവ്വചനപ്രകാരമുള്ള ചെറുകിട നാമമാത്ര കർഷകർ എന്നിവരുടെ ഭൂമിയിൽ ജലസേചന സൗകര്യം,

പച്ചക്കറി-ഫലവൃക്ഷവൽക്കരണം, ഭൂവികസന സൗകര്യങ്ങൾ;

(i). താഴെപ്പറയുന്ന ഉപാധികൾ പാലിക്കപ്പെടുന്ന പക്ഷം:-

(എ). ഭൂമിയുടെ ഉടമ തൊഴിൽ കാർഡുള്ളയാളാ യിരിക്കണം. കൂടാതെ ആ പ്രവൃത്തിയിൽ തൊഴിൽ ചെയ്യുകയും വേണം.

(ബി). അത്തരത്തിലുള്ള ഓരോ പ്രവൃത്തിക്കും വേതനസാധന അനുപാതം ഗ്രാമപഞ്ചായത്തു തലത്തിൽ 60:40 എന്നത് പാലിച്ചിരിക്കണം.

(സി). ഗ്രാമസഭയും ഗ്രാമപഞ്ചായത്തും അംഗീകരിച്ച് വാർഷിക കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്റ്റ് ആയിരിക്കണം.

(ഡി). കരാറുകാരോ യന്ത്രസാമഗ്രികളോ പ്രവൃത്തി നിർവ്വഹണത്തിൽ ഉൾപ്പെടാൻ പാടില്ല.

(ഇ). യാതൊരു യന്ത്രസാമഗ്രികളും വാങ്ങുവാൻ പാടുള്ളതല്ല.

(v). പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, കുളങ്ങളുടെ ചെളി നീക്കം ചെയ്യൽ അടക്കം;

(vi). ഭൂവികസനം;

(vii). വെള്ളപ്പൊക്ക നിയന്ത്രണം, വെള്ളക്കെട്ടു പ്രദേശങ്ങളിൽ വെള്ളം ഒഴുക്കി കളയുന്നതിന് അഴുക്ക്ചാൽ അടക്കമുള്ള സംരക്ഷണ പ്രവൃത്തികൾ;

(viii). എല്ലാ കാലാവസ്ഥയിലും ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കാവുന്ന ഗതാഗത സൗകര്യം.

(ix). സംസ്ഥാന സർക്കാരുമായി ആലോചിച്ച് കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതൊരു പ്രവൃത്തിയും;

കൂടാതെ ഗ്രാമപഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത് ആസ്ഥാനങ്ങളിൽ ഭാരത് നിർമ്മാൺ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങളുടെ നിർമ്മാണം.

(സി) സർക്കാർ ആശുപത്രികൾ, സ്കൂളുകൾ, സി. ഓഫീസുകളുടെ പരിസരങ്ങൾ ഇവ വൃത്തിയാക്കി സൂക്ഷിക്കുന്നതിന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ നിലവിലെ നിബന്ധന അനുവദിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുവാൻ ആവശ്യമായ നിബന്ധനകൾ കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുവാൻ കഴിയില്ല. പൊതുസ്ഥലങ്ങളിലെ മാലിന്യങ്ങൾ ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതടക്ക മുള്ള ശുചീകരണ പ്രവർത്തനങ്ങൾ ഈ പദ്ധതിയിൻകിഴിൽ ഏറ്റെടുക്കുവാൻ അനുവാദം നൽകണമെന്ന് സംസ്ഥാനം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ.

## MGNREGS - Release of Central Share

| | State | Release of current year (Central Share Rs. In lakh) | | | |
|---|---|---|---|---|---|
| | | 2008-2009 | 2009-10 | 2010-11 | 2011-12 |
| 1 | ORISSA | 87843.67 | 44581.26 | 156186.38 | 69983.54 |
| 2 | RAJASTHAN | 652157.19 | 594264.49 | 278882.00 | 70000.00 |
| 3 | CHHATTISGARH | 166449.34 | 82710.30 | 163872.12 | 39770.16 |
| 4 | JHARKHAND | 180580.14 | 81216.22 | 96286.92 | 42190.82 |
| 5 | MADHYA PRADESH | 406111.54 | 351923.66 | 226259.03 | 53434.28 |
| 6 | TRIPURA | 46036.60 | 88636.01 | 38260.70 | 41443.34 |
| 7 | MAHARASHTRA | 18756.08 | 24965.06 | 21410.27 | 14988.99 |
| 8 | GUJARAT | 16419.20 | 77729.69 | 89486.13 | 0.00 |
| 9 | WEST BENGAL | 91875.09 | 178728.96 | 211761.00 | 128397.83 |
| 10 | KERALA | 19887.32 | 46771.42 | 70423.24 | 19834.95 |
| 11 | KARNATAKA | 39851.14 | 276998.19 | 157305.00 | 65856.92 |
| 12 | BIHAR | 138819.05 | 103278.46 | 206243.16 | 41469.50 |
| 13 | MIZORAM | 15194.15 | 27697.03 | 22151.79 | 10895.54 |
| 14 | HARYANA | 13656.65 | 12400.38 | 12408.82 | 6193.38 |
| 15 | HIMACHAL PRADESH | 40974.63 | 39542.50 | 63625.00 | 0.00 |
| 16 | UTTAR PRADESH | 393390.12 | 531887.16 | 526658.86 | 234906.00 |
| 17 | NAGALAND | 26805.72 | 56292.34 | 40497.86 | 27346.31 |
| 18 | ASSAM | 95872.16 | 77888.50 | 60928.65 | 14465.63 |
| 19 | UTTARAKHAND | 10116.44 | 27960.22 | 28[illegible]30.93 | 18796.47 |
| 20 | MEGHALAYA | 7802.60 | 21136.81 | 21735.63 | 8525.10 |

| I.No. | State | Release of current year (Central Share Rs. In lakh) | | | |
|---|---|---|---|---|---|
| | | 2008-2009 | 2009-10 | 2010-11 | 2011-12 |
| 21 | PUNJAB | 6775.32 | 14318.45 | 12879.17 | 1682.36 |
| 22 | TAMIL NADU | 140952.19 | 137118.92 | 197068.22 | 50983.69 |
| 23 | SIKKIM | 4255.84 | 8857.35 | 4448.55 | 5291.44 |
| 24 | MANIPUR | 36540.97 | 43681.36 | 34818.35 | 25993.42 |
| 25 | JAMMU AND KASHMIR | 10472.53 | 17568.95 | 31844.29 | 20417.06 |
| 26 | GOA | 618.21 | 20.72 | 507.76 | 0.00 |
| 27 | ARUNACHAL PRADESH | 2948.84 | 3386.17 | 3652.12 | 865.14 |
| 28 | LAKSHADWEEP | 262.26 | 200.00 | 233.58 | 0.00 |
| 29 | ANDAMAN AND NICOBAR | 702.75 | 241.15 | 768.63 | 612.14 |
| 30 | PUDUCHERRY | 419.44 | 459.93 | 2140.67 | 0.00 |
| 31 | DAMAN & DIU | 21.86 | 0.00 | 0.00 | 0.00 |
| 32 | DADRA & NAGAR HAVELI | 45.10 | 39.20 | 47.73 | 0.00 |
| 33 | ANDHRA PRADESH | 321910.19 | 378160.23 | 741807.00 | 46084.00 |
| 34 | CHANDIGARH | 20.00 | 0.00 | 0.00 | 0.00 |
| | Gross Total | 2994544.33 | 3350661.09 | 3523579.56 | 1060427.99 |

സെക്ഷൻ ഓഫീസർ